# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2419** **05.02.2018-ൽ മറുപടിക്ക്**

കടമ്പഴിപ്പുറത്ത് 33 കെ. വി സബ്സ്റ്റേഷൻ

| | ചോദ്യം<br>ശ്രീ.പി. ഉണ്ണി: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിൽ കടമ്പഴിപ്പുറത്ത് 33 കെ. വി സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ശ്രീകൃഷ്ണപുരം, കോങ്ങാട് 33 കെ.വി.ലൈനിൽ നിന്ന് പുതുതായി ഏകദേശം ഒന്നര കിലോമീറ്റർ 33 കെ. വി. ലൈൻ വലിച്ച്, രണ്ട് 11 കെ.വി.ഫീഡറുകളോട്ടു കൂടി ഒരു 3.15 എം.വി.എ.കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഒറ്റപ്പാലം നിയോജക മണ്ഡലത്തിലുള്ള കടമ്പാഴിപ്പുറത്ത് പുതുതായി ഒരു 33 കെ.വി.സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 18 സെൻറ് സ്ഥലം കണ്ടെത്തുകയും, സ്ഥലം കൈമാറ്റം ചെയ്യുന്നതിനായി പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജലസേചന വകുപ്പിന്റെ സ്ഥലം കൈമാറി തരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഇതിനായി 2019-20 വർഷത്തിലേക്കുള്ള ആനുവൽ പ്ലാനിൽ 150 ലക്ഷം രൂപ വകയിരുത്താനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ